

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി സീഡ്

2022 ജനുവരി 29 ശനിയാഴ്ച

ദേശീയ പത്രദിനത്തോട് അനുബന്ധിച്ച് മാതൃഭൂമി സീഡ് തയ്യാറാക്കിയ പ്രത്യേക സപ്ലിമെന്റ്

# സീഡ് റിപ്പോർട്ടർ

## പത്രപ്രവർത്തനത്തിന് വേറിട്ട മാതൃക

### അടിയന്തിര ഇടപെടലുമായി മന്ത്രിമാർ

സീഡ് പ്രവർത്തനങ്ങളെ സമൂഹവുമായി കൂട്ടിയിണക്കുന്ന പ്രധാനകണ്ണിയാണ് സീഡ് റിപ്പോർട്ടർ. സ്കൂളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന സീഡ് റിപ്പോർട്ടർമാർക്ക് മാതൃഭൂമി പത്രം, ഓൺലൈൻ പോർട്ടൽ, ന്യൂസ് ചാനൽ, എഫ്.എം റേഡിയോ എന്നിവയിൽ വാർത്തകളും മറ്റും റിപ്പോർട്ട് ചെയ്യാൻ പരിശീലനം നൽകുന്നു.

പരിസ്ഥിതി പ്രശ്നങ്ങൾ മാത്രമല്ല, ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളുമായി ബന്ധപ്പെട്ട അടിയന്തര ശ്രദ്ധ ആവശ്യമുള്ള എല്ലാ കാര്യങ്ങളും സീഡ് റിപ്പോർട്ടർമാർക്ക് അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാനാകും. ചെറുപ്രായത്തിൽ തന്നെ പത്രത്തിൽ എഴുതാനും ചാനലിലടക്കം വാർത്തകൾ അവതരിപ്പിക്കാനും സീഡ് റിപ്പോർട്ടർമാർക്ക് അവസരം ലഭിക്കുന്നു. സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുകയാണ് ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് ലക്ഷ്യമാക്കുന്നത്. യു.പി മുതൽ ഹയർ സെക്കണ്ടറി തലം വരെ പഠിക്കുന്ന കുട്ടികൾക്ക് സീഡ്റിപ്പോർട്ടറായി പ്രവർത്തിക്കാം.

കേരളത്തിലെ പതിനാല് ജില്ലകളിൽ നിന്നായി 206 പ്രശ്നങ്ങളാണ് വിദ്യാർഥികൾ 2021 ൽ റിപ്പോർട്ട് ചെയ്തത്. അതിൽ 54 വാർത്തകളിൽ അധികാരികൾ നേരിട്ട് ഇടപെട്ട് ഉടൻ പരിഹാരം കാണ്ടു. കുട്ടികളുടെ വാർത്തകളിൽ ഇടപെട്ടതിൽ ജില്ലാ കളക്ടർ മുതൽ മന്ത്രിമാർ വരെയുണ്ട്. കോട്ടയത്തെ ശാസ്ത്രി റോഡിലെ മരങ്ങൾ മുറിക്കുന്നതിനെതിരെ അണിനിരന്ന വിദ്യാർഥികൾ സീഡിൻെറ നേതൃത്വത്തിൽ നടത്തിയ സമരം നഗരത്തിൻെറ വികസനത്തോടൊപ്പം തണലിനും കരുത്തായി. 20 വർഷങ്ങളായി പൊളിഞ്ഞു കിടന്ന മൂന്നാർ -വട്ടവട റോഡിൻെറ വിഷയത്തിൽ പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് സീഡ് റിപ്പോർട്ടറുടെ പരാതിയിൽ നേരിട്ട് ഇടപെട്ട് പരിഹാരം കാണുകയായിരുന്നു.



നാട്ടിലെ കുടിവെള്ളം, മാലിന്യം, റോഡിൻെറ ശോചനീയാവസ്ഥ, തെരുവ്നായശല്യം, അനധികൃത ഖനനം, തണ്ണീർതടങ്ങൾ നികത്തൽ, തണൽമരങ്ങൾ വെട്ടിമാറ്റൽ, മാലിന്യ പ്രശ്നങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങൾക്കാണ് സീഡ് റിപ്പോർട്ടർമാരുടെ വാർത്തകളിലൂടെ പരിഹാരമുണ്ടായത്.

കുട്ടികളുടെ വാർത്തയിലൂടെ ഒരു സാമൂഹികവിപത്തിന് പരിഹാരമാകുമ്പോൾ റിപ്പോർട്ടർക്കൊപ്പം കുട്ടി പ്രതിനിധീകരിക്കുന്ന സ്കൂളും താരപദവിയിലേക്ക് ഉയരുന്നു. സീഡ് റിപ്പോർട്ടറായുള്ള പ്രവർത്തന പരിചയം മികച്ച പൊതുജീവിതം എളുപ്പമാക്കുന്നതിനും ജോലിതേടിയുള്ള അഭിമുഖങ്ങളിൽ മികച്ച പ്രകടനത്തിനും സഹായകമാവുകയും ചെയ്യും. സമൂഹനന്മ കുട്ടികളിലൂടെ എന്ന ആശയം സീഡ് റിപ്പോർട്ടർ എന്ന പദ്ധതിയിലൂടെ വളരെ ശക്തമായി നടപ്പിലാക്കപ്പെടുന്നുണ്ട്.

## വാർത്തയുടെ പിന്നിലെ അറിയാത്ത സ്പന്ദനങ്ങൾ

**അമേയ എസ്. സരോ**
**എസ്.എൻ.യു.പി.സ്കൂൾ,**
**പോത്തിങ്കണ്ടം**

വാർത്തകൾ കേവലം വസ്തുതകൾ മാത്രമല്ല, അതിനുമപ്പുറം വലിയ ജീവിതാനുഭവവുമാണ്. എന്നാൽ വാർത്തയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്നവരുടെ ത്യാഗങ്ങൾ ഒരിടത്തും രേഖപെടുത്തി കാണാറില്ല. മുഴുവൻ സമയവും കർമനിരതരാകുന്ന പത്രപ്രവർത്തകർ എത്രയോ ജീവിതങ്ങൾക്ക് വഴി കാട്ടുന്നു എന്ന കാര്യം ദേശീയപത്രദിനത്തിലെങ്കിലും ഓർമിക്കേണ്ടതാണ്.

ഒരുവാർത്ത എങ്ങനെയാണ് ജീവനുള്ളതാകുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ? വാർത്തകളുടെ പിന്നിൽ പ്രവർത്തിക്കുന്നത് വലിയൊരു കൂട്ടായ്മയാണ്. നമ്മുടെ ശ്രദ്ധയിൽപ്പെടാത്ത കാര്യങ്ങൾ സമൂഹത്തിനു മുന്നിലെത്തിക്കുന്നതിനുള്ള നിരന്തര പരിശ്രമമാണവർ നടത്തുന്നത്. സത്യം സത്യമായി രേഖപെടുത്തിയതിന് നാട്കടത്തപ്പെട്ട സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ജീവിതാനുഭവങ്ങളിൽ നിന്ന് അധികമൊന്നും അകലെയല്ല ഇന്നും മാധ്യമ പ്രവർത്തനം. മാധ്യമപ്രവർത്തനത്തിലെ അധ്വാനതിൻെറ കഥകൾ പറഞ്ഞു തന്നത് മാധ്യമ പ്രവർത്തകൻ കൂടിയായ എൻെറ അച്ഛനാണ്.

ഓരോ ദിവസവും നടക്കുന്ന സംഭവങ്ങൾ അപ്പപ്പോൾതന്നെ മാധ്യമങ്ങളിലൂടെ നമ്മൾക്കറിയാം. ഈ വസ്തുതകൾ ശേഖരിക്കാൻ അപകടകരമായ മേഖലകളിലൂടെയും സംഘർഷഭരിതമായ ചുറ്റുപാടിലൂടെയും മാധ്യമ പ്രവർത്തകർക്ക് യാത്ര ചെയ്യേണ്ടി വരുന്നു.

പ്രളയ കാലത്തും കോവിഡ് കാലത്തും വിദ്യാർത്ഥികൾ സുരക്ഷിതമായി വീട്ടിലിരുന്നപ്പോഴും മാധ്യമ പ്രവർത്തകർ സാഹസികമായി പ്രവർത്തിക്കുകയായിരുന്നു. അവരുടെ ഈ യാത്ര വിസ്മയിപ്പിക്കുന്നതാണ്. ഏത് ദുരന്ത മേഖലകളിലും എത്താൻ അവരെ പ്രാപ്തരാക്കുന്നത് സത്യവും പത്രധർമവുമാണ്. വാഹനങ്ങൾ പോലും മുന്നോട്ടും പിന്നോട്ടും സഞ്ചരിക്കാത്ത അവസ്ഥകളിൽ പ്പോലും അവ ഉപേക്ഷിച്ച് ലക്ഷ്യസ്ഥാനത്തേക്ക് നടന്നു പോകുന്ന സന്ദർഭങ്ങൾ അവർക്ക് സുപരിചിതമാണ്. വർഷങ്ങൾക്ക് മുൻപ് ഉരുൾ പൊട്ടലുണ്ടായ ദൃശ്യം പകർത്താൻ പോയി മണ്ണിനടിയിൽപെട്ട വിക്ടർ ജോർജ് എന്ന ഫോട്ടോഗ്രാഫറുടെ വാർത്ത എത്ര വേദനജനകമായാണ് നാം തിരിച്ചറിഞ്ഞത്.

മത്സരങ്ങളുടെയും ആരവങ്ങളുടെയും ആകാംഷയുടെയും വാർത്തകൾ വിരൽത്തുമ്പിൽ മിന്നിമറയുമ്പോൾ ഇതിൻെറ പിന്നിലെ അധ്വാനത്തിന് മാധ്യമ പ്രവർത്തകർക്ക് ഒരു ബിഗ് സല്യൂട്ട്. ജോലി കഴിഞ്ഞു വരുന്ന അച്ഛൻ ഞങ്ങളെ ചേർത്ത് പിടിക്കുമ്പോൾ, ഹൃദയഭേദകമായ സംഭവങ്ങൾക്ക് അച്ഛൻ സാക്ഷിയായിട്ടുണ്ട് എന്ന് മനസിലാകുമായിരുന്നു.

പരിസ്ഥിതിക പ്രശ്നങ്ങളിലും സാമ്പത്തിക വ്യവസായിക വിഷയങ്ങളിലും എന്നുവേണ്ട സവിശേഷ ശ്രദ്ധ ആവശ്യമായ എല്ലാ കാര്യങ്ങളിലും പഠനങ്ങൾ അനിവാര്യമാക്കുവാൻ സർക്കാരിനെ പ്രേരിപ്പിക്കുന്നത് മാധ്യമ പ്രവർത്തകരുടെ കൃത്യമായ ഇടപെടലുകളാണ്. സത്യം മറയില്ലാതെ ജനങ്ങളിൽ എത്തിക്കുവാനുള്ള നെട്ടോട്ടത്തിൽ ജീവൻ നഷ്ടമായ, മരണതുല്യം മുറിവേൽക്കപെട്ട മാധ്യമ പ്രവർത്തകരെ നിറമിഴികളോടെ സ്മരിക്കുന്നു.

## സംതൃപ്തിയുടെ 13 വർഷങ്ങൾ : ഇനിയുമുണ്ട് മുന്നേറാൻ

വിദ്യാർത്ഥികൾക്ക് പ്രകൃതി സംരക്ഷണത്തിൻ്റെ പ്രാധാന്യം ബോധ്യപ്പെടുത്തി, അവരെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനായിരുന്നു ഈ പദ്ധതി ആവിഷ്കരിച്ചത്. കേരളത്തിലെ ഏട്ടായിരത്തോളം വിദ്യാലയങ്ങളിലെ അധ്യാപകരും വിദ്യാർഥികളും ഇന്ന് ഈ കൂട്ടായ്മയുടെ ഭാഗമാണ്. " സമൂഹ നന്മ കുട്ടികളിലൂടെ" എന്നതാണ് ഈ പദ്ധതിയുടെ മുദ്രാവാക്യം. ദേശീയ പ്രസ്ഥാനത്തിൻ്റെ ഭാഗമായി ആരംഭിച്ച "മാതൃഭൂമി" വിദ്യാർഥികളിലൂടെ പ്രകൃതിയായ അമ്മയെ കാത്തു രക്ഷിക്കുവാൻ നടത്തിയ മറ്റൊരു കാൽവെപ്പാണ് സീഡ് (SEED-Student empowerment for environment development).

വരും തലമുറക്കു വേണ്ടി മണ്ണും കാടും പുഴയും സംരക്ഷിക്കുന്നതിന് ഇരുപത് ലക്ഷത്തോളം വിദ്യാർഥികൾ മുന്നിൽ നിൽക്കുന്നു. സ്കൂളുകളിലും സ്വന്തം വീടുകളിലും പച്ചക്കറിയും പഴ വർഗങ്ങളും കൃഷി ചെയ്യുന്നു. തരിശുനിലങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് സാമൂഹ്യ വനവൽക്കരണ പദ്ധതികളിൽ പങ്കാളികളാകുന്നു.

മഴക്കുഴികൾ നിർമിച്ചും തടയണകൾ കെട്ടിയും ഈ കൂട്ടായ്മ ജല സംരക്ഷണം ഉറപ്പുവരുത്തുന്നു. ലവ് പ്ലാസ്റ്റിക് പദ്ധതിയിലൂടെ 5 ലക്ഷം കിലോ ഗ്രാം പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് റീ സൈക്കിൾ യൂണിറ്റുകളെ ഏല്പിച്ചു. ഊർജ സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. പ്രകൃതിയെ വീണ്ടെടുക്കുകയും പ്രതീക്ഷയുടെ പച്ചപ്പ് നിലനിർത്തുകയും ചെയ്യുന്ന ഈ മഹത് സംരംഭം വിദ്യാർഥികളുടെ സ്വാഭാവരൂപീകരണത്തിലും വലിയ ഒരു പങ്കു വഹിക്കുന്നുണ്ടെന്ന് അധ്യാപകരും രക്ഷിതാക്കളും സാക്ഷ്യപ്പെടുത്തുന്നു.

കോവിഡ് മഹാമാരി കാരണം കഴിഞ്ഞ വിദ്യാഭ്യാസ വർഷം സ്കൂളിലെത്താൻ കഴിയാതിരുന്നിട്ടുപോലും സ്വന്തം വീടുകളിൽ 1,37,691 കിലോ പച്ചക്കറി വിളയിക്കാൻ ഈ കൂട്ടായ്മക്ക് സാധിച്ചു. കൂടാതെ 99,176 കി.ഗ്രാം നെല്ലും 28,107 കി.ഗ്രാം പഴവർഗങ്ങളും ഉത്പാദിപ്പിച്ചു. നാട്ടുമാ ഞ്ചോട്ടിൽ എന്ന പദ്ധതിയിലൂടെ 10,939 നാട്ടുമാവിൻ തൈകൾ കേരളത്തിൽ അങ്ങോളമിങ്ങോളം നട്ടുപിടിപ്പിച്ചു.

## കുപ്പികളിൽ വർണ്ണ ചിത്രങ്ങളൊരുക്കുകയാണ് അനന്യ

**നിവേദിത ആർ.എം.**
**എച്ച്.സി.സി.ജി.**
**യു.പി. സ്കൂൾ,**
**ചെറളയം**

**തൃശ്ശൂർ ▸** ഓൺലൈൻ പഠനത്തിൻെറ ഇടവേളകളിൽ കുപ്പികളിൽ വർണ്ണ ചിത്രങ്ങളൊരുക്കുകയാണ് ചെറളയം എച്ച്.സി.സി.ജി. യു.പി സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർത്ഥിയും സീഡ് അംഗവുമായ അനന്യ.



സ്വന്തം നിർമിച്ച ബോട്ടിൽ ആർട്ടുമായി അനന്യ

മാലിന്യമായി വലിച്ചെറിയപ്പെട്ട കുപ്പികൾ പരിസരത്തുനിന്ന് ശേഖരിച്ച് കഴുകി വൃത്തിയാക്കി മനോഹരമായ ചിത്രങ്ങൾ വരച്ച് അവയ്ക്ക് വർണ്ണപ്പകിട്ട് നൽകുകയാണ് അനന്യയുടെ വിനോദം. നേരമ്പോക്കിനുവേണ്ടി ചെയ്തു തുടങ്ങിയതാണെങ്കിലും കൂട്ടുകാരുടെയും വീട്ടുകാരുടെയും അധ്യാപകരുടെയും പ്രോത്സാഹനവും പിന്തുണയും ലഭിച്ചതോടെ അനന്യ കുപ്പികളിൽ ചിത്രങ്ങൾ വരച്ചു കൂട്ടുകയാണ്. വരച്ച ബോട്ടിൽ ചിത്രങ്ങൾക്ക്ബന്ധുക്കളും കൂട്ടുകാരുമൊക്കെയായി ആവശ്യക്കാരേറെയാണ്. പ്രകൃതി ദൃശ്യങ്ങളും നാടൻ കാഴ്ചകളുമാണ് അനന്യ പകർത്തുന്നത്. പെൻസിൽ ഡ്രോയിങ്, വാൾ പെയിൻറിങ്, മ്യൂറൽ പെയിൻറിങ് തുടങ്ങിയവയിലും കഴിവ് തെളിയിച്ചിട്ടുണ്ട് ഈ മിടുക്കി.

വീടിനു പുറകിലെ ചുമരിലും കിണറിൻെറ മറയിലുമെല്ലാം അനന്യയുടെ കരവിരുത് കാണാം. അനിയൻ അനയ്യ്കൃഷ്ണയും ചേച്ചിയുടെ ചിത്രങ്ങൾക്ക് വർണ്ണം പകരുന്നുണ്ട്. തൃശ്ശൂർ ജില്ലാ മാതൃഭൂമി സീഡ് നടത്തിയ ചിത്രരചനാ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട് അനന്യ.

## അഞ്ജനയ്ക്കുണ്ട് ആറാടുകൾ

**എകരൂൽ ▸** സ്കൂളിൽനിന്ന് വീട്ടിലെത്തിയാൽ എട്ടാം ക്ലാസുകാരി അഞ്ജനയ്ക്ക് കൂട്ടായെത്തും ഒരുപറ്റം ആട്ടിൻകുട്ടികൾ. ലോക്ഡൗൺകാലത്ത് ഓൺലൈൻ പഠനത്തോടൊപ്പം തന്നെ മൃഗപരിപാലനരംഗത്തേക്കിറങ്ങിയ അഞ്ജനയുടെ കളിക്കൂട്ടുകാരാണ് ഈ ആട്ടിൻകൂട്ടം. ആറു ആടുകളെയും കോഴികളെയും താറാവുകളെയും ഈ കൊച്ചുമിടുക്കി വീട്ടിൽവളർത്തുന്നുണ്ട്.



വീട്ടിൽ വളർത്തുന്ന ആട്ടിൻകുട്ടികളുമായി അഞ്ജന

പൂനൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥിനിയായ അഞ്ജന 'മാതൃഭൂമി' സീഡ് ക്ലബ്ബ് അംഗവും സ്കൂളിലെ സ്കൗട്ട് ഗൈഡ് അംഗവുമാണ്. പഠനത്തോടൊപ്പം മൃഗസംരക്ഷണത്തിലും കൃഷിയിലും അതീവതത്പരയാണ്. ടെറസ്സിനുമുകളിലും മുറ്റത്തും ചാക്കിൽ മണ്ണ് തയ്യാറാക്കിവെച്ച് പച്ചക്കറിക്കൃഷിയും നടത്തുന്നുണ്ട്. നൃത്തം, പ്രസംഗം എന്നിവയിലും കഴിവുതെളിയിച്ചിട്ടുണ്ട്.

പന്നിക്കോട്ടൂർ തോൽപ്പാറയിൽ അനിൽകുമാറിൻെറയും ബിജിനരാജിൻെറയും മകളാണ്. കൂലിപ്പണിക്കാരനായ അച്ഛനും അമ്മയും ഇളയസഹോദരി അർച്ചനയും പാരമ്പര്യകർഷകനായ അച്ഛച്ഛൻ ഇമ്പിച്ചൂട്ടിയും അഞ്ജനയ്ക്ക് സഹായമായുണ്ട്. സ്കൂളിലെ അധ്യാപകനും സീഡ് ക്ലബ്ബ് കോ-ഓർഡിനേറ്ററുമായ സിറാജുദ്ദീൻ പന്നിക്കോട്ടൂരും സീഡ് ക്ലബ്ബ് അംഗങ്ങളടക്കം എല്ലാ വിദ്യാർഥികളും പ്രോത്സാഹനവും ശ്രദ്ധയുമായി ഒപ്പമുള്ളത് വലിയ തുണയാവുന്നതായി അഞ്ജനയുടെ വീട്ടുകാർ പറഞ്ഞു.

## പറവകളുടെ കൂട്ടായി കൊച്ചുനിഹാൽ

**അരുണിമ ചന്ദ്രൻ**
**ജി. എച്ച്. എസ്**
**തച്ചങ്ങാട്**

**കാസർകോട് ▸** തച്ചങ്ങാട് ഗവൺമെൻറ് ഹൈസ്കൂൾ ആറാംതരം വിദ്യാർത്ഥി. 11 വയസ്സിനിടയിൽ നൂറോളം പക്ഷികളെ തിരിച്ചറിഞ്ഞ് വിശദീകരിക്കുവാൻ കഴിയുന്ന ഈ കൊച്ചു മിടുക്കൻ ദിവസവും രാവിലെയും വൈകുന്നേരവും അവധിദിവസങ്ങളിലും നീണ്ട ക്യാമറയുമായി പാടത്തും കാവുകളിലും ആണ് നിഹാൽ. അവൻെറ കൂട്ടും പക്ഷികൾ തന്നെയാണ്.

വയലിലെ കീടനാശിനി പ്രയോഗം പ്രാണികൾക്ക് കീടനാശിനി ബാധിക്കുമെന്നും ഇത് പക്ഷികളുടെ വംശനാശത്തിന് കാരണമാകുമെന്നും നിഹാൽ കണ്ടെത്തി. മറ്റൊരു പ്രധാന കണ്ടെത്തലാണ് വയലിൽ കീടനാശിനി ഉപയോഗം കുറഞ്ഞതു മൂലം പക്ഷികൾ തിരിച്ചെത്തി എന്നത്. ചാരക്കൊക്ക് ഇതിന് പ്രധാന ഉദാഹരണമാണ്. വ്യത്യസ്ത ആവാസ വ്യവസ്ഥയിലെ പക്ഷി വൈവിധ്യം എന്ന വിഷയത്തിൽ നിഹാൽ കൂട്ടുകാർക്കൊപ്പം പ്രൊജക്റ്റ് തയ്യാറാക്കിയിരുന്നു.

ശാസ്ത്ര കോൺഗ്രസിൽ സംസ്ഥാന തലം അംഗീകരിക്കപ്പെട്ടു ഈ പ്രോജക്ട്. നമ്മുടെ നാട്ടിൽ മാത്രം കാണപ്പെടുന്ന നിരവധി പക്ഷികളെ തിരിച്ചറിഞ്ഞിട്ടുണ്ട് പക്ഷിനിരീക്ഷണം എന്നതിലുപരി അവയുടെ ഇംഗ്ലീഷ് മലയാളം പേരുകളും ശാസ്ത്രീയനാമവും നിവാലിന് മനപ്പാഠം ആണ്.

പക്ഷികളുടെ ആവാസം ഭക്ഷണരീതി പറക്കൽ കൂട് നിർമ്മാണം ഇവയൊക്കെ നിഹാൽ വിശദീകരിക്കാൻ മിടുക്കനാണ്, ക്ലബ്ബുകളിലും സ്കൂൾ കൂട്ടുകാർക്കിടയിലും നിഹാൽ തൻറെ പക്ഷി അറിവ് പകർന്നു നൽകാറുണ്ട് പുലരി അരവത്ത് പറവ കൂട്ടായ്മയുടെ സജീവ സാന്നിധ്യമാണ് നിഹാൽ സ്കൂൾ സീഡ് ക്ലബ്ബിൻെറ അഭിമാനമാണ് കൊച്ച് മിടുക്കൻ. അരവത്തെ മഹേഷ് വി, ഷൈനി പി. എന്നിവരുടെ മകനാണ്. ഒന്നാം തരം വിദ്യാർത്ഥിനി നിയ മഹേഷാണ് ആണ് ഏക സഹോദരി നിരവധി പക്ഷി നിരീക്ഷണ ക്ലാസുകളിൽ പങ്കെടുത്തിട്ടുണ്ട്.



നിഹാൽ പക്ഷി നിരീക്ഷണത്തിനിടയിൽ

## വിതച്ചതു കൊയ്യാനും കുട്ടികൾക്കു കൂട്ടായി കൃഷിമന്ത്രി

സെപ്റ്റംബർ 19,2021



കൊല്ലം ജില്ലയിലെ ശൂരനാട് വടക്ക് പഞ്ചായത്തിലെ കിഴകിട ഏലായിലെ അഞ്ചേക്കർ വയലിൽ കൃഷിമന്ത്രി പി.പ്രസാദിനൊപ്പം സീഡ് കുട്ടികൾ വിത്തു വിതയ്ക്കുന്നു.

ജനുവരി 9,2022



ശൂരനാട് വടക്ക് പഞ്ചായത്തിലെ കിഴകിട പാടത്ത് കൃഷി മന്ത്രി പി.പ്രസാദിനൊപ്പം കൊയ്ത്തിനിറങ്ങിയ മാതൃഭൂമി സീഡ് പ്രവർത്തകരായ സ്കൂൾ വിദ്യാർഥികൾ

ദേശീയ പത്രദിനത്തോട് അനുബന്ധിച്ച് മാതൃഭൂമി സീഡ് തയ്യാറാക്കിയ പ്രത്യേക സപ്ലിമെന്റ്

# മലരിക്കൽ-ഇറമ്പം റോഡ് നിർമിക്കാൻ നടപടിയെടുക്കും - മന്ത്രി വാസവൻ



മലരിക്കൽ-ഇറമ്പം റോഡ് നിർമാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മാതൃഭൂമി സീഡ് റിപ്പോർട്ടർ ആകാശ് സുഭാഷ് മന്ത്രി വി.എൻ.വാസവന് നിവേദനം നൽകിയപ്പോൾ

**കോട്ടയം** ▸ ജില്ലയിൽ ഏറ്റവും വലിയ നെൽപ്പാടങ്ങൾ സ്ഥിതിചെയ്യുന്ന ഇറമ്പം പ്രദേശത്തിന്റെ വികസനത്തിനാവശ്യമായ നടപടികൾ വേഗത്തിലാക്കാൻ തന്നാലാവുന്നത് ചെയ്യുമെന്ന് മന്ത്രി വി.എൻ.വാസവൻ പറഞ്ഞു. മലരിക്കൽ-ഇറമ്പം റോഡ് നിർമിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മാതൃഭൂമി സീഡ് റിപ്പോർട്ടർ കിളിരൂർ ഗവ. യു.പി. സ്കൂൾ ഏഴാംസ്റ്റാൻഡേർഡ് വിദ്യാർഥി ആകാശ് സുഭാഷ് നൽകിയ നിവേദനത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം.

ഇറമ്പം പ്രദേശത്തുനിന്നുള്ള കുട്ടികൾ സ്കൂളിൽ പോകണമെങ്കിൽ നാലുകിലോമീറ്റർ വള്ളത്തിൽ സഞ്ചരിക്കണം. പാടശേഖരങ്ങളായ ജെ ബ്ലോക്ക് ഒൻപതിനായിരവും തിരുവായ്ക്കരിയും നെൽക്കൃഷിയാൽ സമൃദ്ധമാണ്. വിളവെടുപ്പിനുശേഷം ജൂലായ് മുതൽ ആമ്പൽപ്പൂക്കൾ വിരിയും. റോഡ് വന്നാൽ ഈ നാടിന് വികസനമുന്നേറ്റമുണ്ടാകും.

'ആമ്പൽ വസന്തം'കൊണ്ട് ജനങ്ങൾക്ക് വരുമാനമാർഗവുമാകും-നിവേദനത്തിൽ ആകാശ് ചൂണ്ടിക്കാട്ടി.

പ്രശ്നങ്ങൾ നേരിട്ടുപഠിക്കാൻ സാധിച്ചിട്ടുണ്ട്. ബോട്ടിൽ സഞ്ചരിച്ച് കാര്യങ്ങൾ കൂടുതലായി മനസ്സിലാക്കാനായി. തിരുവാർപ്പ് പഞ്ചായത്തിന് സർക്കാരിന്റെ എല്ലാ സഹായവും ഇക്കാര്യത്തിലുണ്ടാവുമെന്നും മന്ത്രി പറഞ്ഞു. ആകാശിന്റെ അച്ഛൻ സുഭാഷ് മോഹൻ, നാട്ടുകാരായ ശശിധരൻ പി.എ., റെജി, വൈശാഖ് ഇ.എസ്. തുടങ്ങിയവരും നിവേദകസംഘത്തിലുണ്ടായിരുന്നു.

# പ്രഥമശുശ്രൂഷാ ക്ലാസ് വേണമെന്ന് വൈഗ; വൈകാതെ ആരംഭിക്കുമെന്ന് മന്ത്രിയുടെ ഉറപ്പ്



**കൊച്ചി** ▸ പാഠ്യപദ്ധതിയിൽ പ്രഥമശുശ്രൂഷാ വിഷയങ്ങളുടെ ക്ലാസുകൾ കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട വിദ്യാർഥിനിക്ക്, ക്ലാസ് വൈകാതെ ആരംഭിക്കാമെന്ന് മറുപടി നൽകി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി.

മാതൃഭൂമി സീഡ് റിപ്പോർട്ടറായ കോതമംഗലം പിണ്ടിമന ഗവൺമെന്റ് യു.പി. സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർഥിനി വൈഗ അനീഷാണ് വിദ്യാഭ്യാസ മന്ത്രിക്ക് കത്തെഴുതിയത്. സീഡ് റിപ്പോർട്ടറുടെ കത്ത് മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചു. പകൽ പല വീടുകളിലും കുട്ടികൾ തനിച്ചാണ്. ഈ സമയത്ത് വൈദ്യുതാഘാതം, മുറിവുകൾ, തീപ്പൊള്ളൽ തുടങ്ങിയവയൊക്കെ സംഭവിക്കാൻ സാധ്യതയുണ്ടെന്ന് വൈഗ കത്തിൽ ചൂണ്ടിക്കാണിച്ചു. വിക്ടേഴ്സ് ചാനലിലൂടെ പ്രഥമശുശ്രൂഷാ പാഠങ്ങൾ സംപ്രേഷണം ചെയ്താൽ പലരുടെയും ജീവൻ രക്ഷിക്കാൻ സഹായകമാവുമെന്നും പറഞ്ഞിരുന്നു.

മാതൃഭൂമി സീഡ് റിപ്പോർട്ടറായ വൈഗയുടെ കുറിപ്പ് കണ്ടുവെന്നും കലാകായിക പഠന ക്ളാസുകളുടെ ഡിജിറ്റൽ സംപ്രേഷണം കൈറ്റ് - വിക്ടേഴ്സ് ചാനലിൽ വൈകാതെ ആരംഭിക്കുമെന്നുമാണ് മന്ത്രി ശിവൻകുട്ടി മറുപടിയിൽ പറഞ്ഞിട്ടുള്ളത്. ഭക്ഷണം, വ്യായാമം, യോഗ, ശുചിത്വം, മാനസികാരോഗ്യം തുടങ്ങിയവയും വിക്ടേഴ്സ് ക്ലാസിൽ ഉൾപ്പെടുത്തണമെന്ന് വൈഗ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ നിർദേശങ്ങളും പരിഗണിക്കുമെന്ന് മന്ത്രി അറിയിച്ചിട്ടുണ്ട്.

# ചുമർ ചിത്രരചനയിൽ മികവ് തെളിയിച്ച് അനുറിയ

**ബാബുരാജ്. കെ**



വലിയ ക്യാൻവാസിൽ ഡാവിഞ്ചി ചിത്രം 'അവസാനത്തെ അത്താഴത്തി'ന് ചിത്ര കാഴ്ച ഒരുക്കിയ മാടായി ഗവ ഹയർ സെക്കൻററി സ്കൂളിലെ അനുറിയ

**കണ്ണൂർ** ▸ കോവിഡിന്റെ ആദ്യകാലത്ത് വിനോദമെന്ന തുടങ്ങിയ ചുവർ ചിത്രത്തിന് രണ്ടു വർഷങ്ങൾക്കിപ്പുറം ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സ്, ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ് എന്നിവ കരസ്ഥമാക്കി മുന്നേറുകയാണ് അനുറിയ. 64 സ്ക്വയർഫീറ്റ് ക്യാൻവാസിൽ ആണ് റിക്കാർഡിന് അർഹമായ അവസാനത്തെ അത്താഴം വിസ്മയം തീർത്തത്. ക്ഷേത്രകല അക്കാദമിയിൽ ചുമർചിത്ര പഠനം നടത്തുന്ന അനുറിയ ഇപ്പോൾ ചെറുതും വലുതുമായ ഇരുപത്തിയഞ്ചിലധികം ചുമർചിത്രങ്ങൾ ആണ് ഇതുവരെ ഈ ചിത്രകാരി പൂർത്തിയാക്കിയിട്ടുള്ളത്. മാടായി ഗവൺമെൻറ് ഹയർ സെക്കൻററി സ്കൂളിൽ ഒരുക്കിയ അനുശ്രീയുടെ ചിത്ര പ്രദർശനം കാണാൻ നിരവധി പേരാണ് സ്കൂളിലേക്ക് എത്തിയത്.മികച്ച പ്രോത്സാഹനമാണ് അധ്യാപകരും രക്ഷാകർത്താക്കളും വിദ്യാർഥികളും അനുറിയയ്ക്ക് നൽകിവരുന്നത്.മ്യൂറൽ പെയിൻറുകളുടെ വലിയൊരു പ്രദർശനം സംഘടിപ്പിക്കുക എന്നതാണ് സ്കൂൾ സീഡ് ക്ലബ്ബിന്റെ സജീവ അംഗം കൂടിയായ അനുറിയയുടെ അടുത്ത സ്വപ്നം.

# ആൻലിൻ, കുഞ്ഞുമത്സ്യങ്ങളുടെ കൂട്ടുകാരി

**പി.പി. തീർഥ**
**എച്ച്.സി.സി.ജി. യു.പി. സ്കൂൾ, ചെറളയം**

**തൃശ്ശൂർ** ▸ സ്കൂളിൽ പോകാനാവാത്തതിന്റെ വിഷമം മാറ്റാൻ ചില്ലുജാറുകളിൽ അലങ്കാരമത്സ്യങ്ങളെ വളർത്തി വ്യത്യസ്തയാവുകയാണ് ചെർലയം എച്ച്.സി.സി. ജി.യു.പി. സ്കൂളിലെ രണ്ടാം ക്ലാസ് വിദ്യാർഥിയും സീഡ് അംഗവുമായ ആൻലിൻ ജോയ്. അച്ഛനമ്മമാരോടൊപ്പം കൗതുകത്തിനുവേണ്ടി ആരംഭിച്ച അലങ്കാരമത്സ്യകൃഷി ഇന്ന് വലിയ സിമൻറ് ടാങ്കുകളിലേയ്ക്ക് വിപുലീകരിച്ചിരിക്കുന്നു. കാഴ്ചയ്ക്ക് മനോഹരമായ ഗപ്പി മത്സ്യങ്ങളുടെ വൻശേഖരം തന്നെ ആൻലിൻ ജോയ്ക്ക് സ്വന്തമായുണ്ട്. ആൽബിനോ ഫുൾ റെഡ്, മെക്കാരിഫ് യെല്ലോ എച്ച്. ബി. ഡബ്ല്യൂ, സാന്താക്ലോസ്, സീബ്രേ, ഫ്ലവർ ഹോൺ തുടങ്ങിയ മറ്റു മത്സ്യങ്ങളുടെ ശേഖരവും ആൻലിൻ ജോയുടെ വീട്ടിലുണ്ട്.



ഫിലിപ്പീൻസിൽ നടന്ന ഗപ്പി വേൾഡ് കപ്പിൽ പങ്കെടുക്കാനും ജുവനൈൽ എ. കാറ്റഗറിയിൽ ചാമ്പ്യൻഷിപ്പ് നേടാനും ഈ മിടുക്കിയ്ക്ക് കഴിഞ്ഞു. കൂടാതെ നികാന്ത് അക്വാകൾച്ചറിന്റെ സാന്നിധ്യത്തിൽ ഇന്ത്യയിൽ നടത്തിയ ഗപ്പി മത്സരത്തിലും പങ്കെടുത്തു. സമ്മാനാർഹയാവുകയും ചെയ്തു. അലങ്കാര മത്സ്യ കൃഷിക്ക് പുറമേ ഉദ്യാന പരിപാലനത്തിലും അമ്മയ്ക്കൊപ്പം സജീവമായുണ്ട് ഈ കൊച്ചുമിടുക്കി

# മാലിന്യക്കൂമ്പാരമായി വണ്ടാനം കാവ്

**എം. ഹുസ്ന നസ്രീൻ**
**യു.പി.എസ്. പുന്നപ്ര.**



വണ്ടാനം കാവിലെ മാലിന്യം

**അമ്പലപ്പുഴ** ▸ കാടുകളില്ലാത്ത ജില്ലയെന്നു പേരുകേട്ട ആലപ്പുഴയിലെ ജൈവവൈവിധ്യകലവറയായ വണ്ടാനം കാവ് മാലിന്യംതള്ളുന്ന കേന്ദ്രമായി. നൂറ്റാണ്ടുകൾ പഴക്കമുള്ള കാവ് അപൂർവയിനത്തിൽപ്പെട്ട വൻമരങ്ങൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, ഔഷധസസ്യങ്ങൾ, ആൽഗകൾ, ഫംഗസുകൾ, കുളങ്ങൾ, 20 തരം പക്ഷികൾ, 15 തരം ചിത്രശലഭങ്ങൾ, ഏഴുതരം ഉരഗങ്ങൾ, മൂന്നുതരം സസ്തനികൾ തുടങ്ങിയവയാൽ സമ്പന്നമാണ്. വംശനാശഭീഷണി നേരിടുന്ന 12 സസ്യയിനങ്ങളും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ വിരുന്നെത്തുന്ന ദേശാടനപ്പക്ഷികളും മറ്റൊരു പ്രത്യേകതയാണ്.

ജീവജാലങ്ങളുടെ നിലനിൽപ്പിനു തന്നെ ഭീഷണിയാകുന്ന പ്രവർത്തനങ്ങളാണിവിടെ നടക്കുന്നത്. വീടുകളിലെയും ഹോട്ടലുകളിലെയും അറവുശാലകളിലെയും മാലിന്യങ്ങളാണ് രാത്രികാലങ്ങളിൽ തള്ളുന്നത്. ദുർഗന്ധംമൂലം സമീപത്തെ റോഡിലൂടെയുള്ള യാത്രതന്നെ ദുരിതത്തിലാണ്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിന് വഴിയൊരുക്കിയിരിക്കുകയാണു മാലിന്യം തള്ളൽ. സമൂഹവിരുദ്ധരുടെയും മദ്യപാനികളുടെയും താവളമായും കാവു മാറിയിരിക്കുന്നു. ഓക്സിജൻ പാർലറുകൾ എന്നുവിശേഷിപ്പിക്കുന്ന കാവുകൾ സംരക്ഷിക്കേണ്ടത് ഭൂമിയിലെ സന്തുലിതാവസ്ഥ നിലനിർത്തേണ്ടതിന്റെകൂടി ആവശ്യമാണ്. കാവുസംരക്ഷിക്കാൻ അധികൃതർ തയ്യാറാകുമെന്ന പ്രതീക്ഷയിലാണ് പ്രകൃതിസ്നേഹികൾ.

മാതൃഭൂമി സീഡ് പുഴ സംരക്ഷണ ദിനവുമായി ബന്ധപ്പെട്ട് സീഡ് വിദ്യാർത്ഥികൾ തയ്യാറാക്കിയ പുഴ സംരക്ഷണ ഗാനം കാണുന്നതിനായി ക്യു. ആർ കോഡ് സ്കാൻ ചെയ്യുക

മാതൃഭൂമി സീഡ് വെബ്സൈറ്റ് സന്ദർശിക്കുന്നതിനായി ക്യു. ആർ കോഡ് സ്കാൻ ചെയ്യുക

മാതൃഭൂമി സീഡ് യു ട്യൂബ് ചാനൽ സന്ദർശിക്കുന്നതിനായി ക്യു. ആർ കോഡ് സ്കാൻ ചെയ്യുക

# കോവിഡ് കാലം സമ്മാനിച്ചത്

**ടി. സ്നേഹ**
**ജെ എം യു പി സ്കൂൾ, ചെറുപുഴ**

**കണ്ണൂർ** ▸ കൊറോണ എന്ന മഹാമാരിയുടെ പിടിയിൽ അമർന്ന് മനുഷ്യർ നിസ്സഹായരായ കാലത്തിലൂടെയാണ് നമ്മൾ കടന്നു പോകുന്നത് . ഒരുപാട് ജീവൻ പൊലിഞ്ഞു. ആരോഗ്യ പ്രവർത്തകർ ഊണും ഉറക്കവും ഉപേക്ഷിച്ച് മുന്നണിപ്പോരാളികൾ ആയി യുദ്ധം തുടർന്നു കൊണ്ടേയിരിക്കുന്നു.

വാക്സിന്റെ വരവോടെ കൊറോണയുടെ കാഠിന്യം കുറച്ചു കുറഞ്ഞെങ്കിലും ജാഗ്രത കൈവിടാൻ ആയിട്ടില്ല. ഒരുപാട് നാളുകൾക്കു ശേഷം സ്കൂൾ തുറന്നപ്പോൾ വലിയ സന്തോഷമായി. എന്നാൽ ആ സന്തോഷം ഒരുപാട് കാലം നീണ്ടു നിന്നില്ല. മൂന്നാം തരംഗം വീണ്ടും പഠനം ഓൺലൈൻ ആക്കി മാറ്റി.

കോവിഡ് കാരണം എല്ലാം അടച്ചിട്ടപ്പോൾ അച്ഛനും അമ്മയും ജോലിക്കു പോകാനാവാതെ വീട്ടിലായിരുന്നു. ഒരുപാട് അനുഭവങ്ങൾ സമ്മാനിച്ച നാളുകളായിരുന്നു അത്. ലോക്ക്ഡൗൺ നിയന്ത്രണം വന്നപ്പോൾ അന്യസംസ്ഥാനത്തു നിന്നുള്ള ഉള്ള പച്ചക്കറി വരവ് ലഭ്യത കുറഞ്ഞപ്പോൾ സാധനങ്ങൾക്ക് തീവിലയായി .

ഈ സമയത്താണ് വീട്ടിലൊരു പച്ചക്കറിത്തോട്ടം എന്നതിൻറെ പ്രാധാന്യം എല്ലാവരും തിരിച്ചറിഞ്ഞത്. വീട്ടിൽ തക്കാളി, വഴുതന, പച്ചമുളക്, കോവൽ തുടങ്ങിയവയൊക്കെ കൃഷി ചെയ്ത് തുടങ്ങി.

വീട്ടുകാരോടൊപ്പം എല്ലാത്തിനും ഞാനും കൂടി. വീട്ടിലേക്ക് ആവശ്യമുള്ളത്ര വിളവ് മാത്രമല്ല അതിൻറെ പരിചരണ രീതിയും വള പ്രയോഗവും എല്ലാം മനസ്സിലാക്കാനും പച്ചക്കറികൾ സ്വന്തം തോട്ടത്തിൽ നിന്നും രാവിലെ പറിച്ചെടുക്കുമ്പോൾ വലിയ സന്തോഷം തോന്നി.

സ്കൂൾ പഠനം ഓൺലൈൻ ആയപ്പോൾ ആദ്യമൊക്കെ വിരസത ആയിരുന്നു. പിന്നെ അധ്യാപകർ നല്ല സപ്പോർട്ട് തന്നു.

കൗൺസിലിംഗ് ക്ലാസുകളും കരകൗശല വസ്തു നിർമ്മാണ ക്ലാസ്സുകളും ഒക്കെ മാനസിക പിരിമുറുക്കം ഇല്ലാതാക്കാൻസഹായിച്ചു. സ്കൂൾ തുറന്നപ്പോൾ ടീച്ചർ എല്ലാ ക്രാഫ്റ്റ് വർക്കുകളും സ്കൂളിലേക്ക് കൊണ്ടുപോകാൻ പറഞ്ഞു. എല്ലാ കുട്ടികളുടെയും ഇത്തരം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സ്കൂളിൽ പ്രദർശനം സംഘടിപ്പിച്ചു. പഠനപ്രവർത്തനങ്ങൾക്ക് പുറമേ പാഠ്യേതര പ്രവർത്തനങ്ങളും ഓൺലൈനായി നടത്തിയിരുന്നു. പലതരം ക്വിസ് മത്സരങ്ങൾ, ചിത്രരചന മത്സരങ്ങൾ ഇങ്ങനെയുള്ള പരിപാടികളിലൊക്കെ പങ്കെടുക്കാൻ സാധിച്ചു.

എങ്കിലും കോവിഡ് എന്ന മഹാമാരി ഒരുപാട് അവസരങ്ങൾ നഷ്ടപ്പെടുത്തി. കോവിഡിൽ നിന്ന് മുക്തമായി പഴയ ആ നല്ല കാലം തിരിച്ചു വരുമെന്ന പ്രതീക്ഷ കൈവിടാതിരിക്കാം.

# മരങ്ങളിൽ ആണി തറച്ച് പരസ്യബോർഡുകൾ

**എസ്.ഹാനിയ**



മരത്തിൽ ആണിയടിച്ച് പരസ്യബോർഡുകൾ സ്ഥാപിച്ചനിലയിൽ

**മംഗലപുരം** ▸ ഹൈക്കോടതി വിധി ലംഘിച്ച് മരങ്ങളിൽ ആണി തറച്ച് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നത് വ്യാപകമാകുന്നു. സീഡ് പ്രവർത്തകർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഹൈക്കോടതി ഇത് നിരോധിച്ചിരുന്നു.

വർഷങ്ങൾക്കുശേഷം ആണി തറച്ചു പരസ്യം പതിക്കുന്നത് കൂടി. കട്ടികൂടിയ ആണികൾ മരങ്ങളിൽ തറയ്ക്കുന്നതിലൂടെ വൃക്ഷങ്ങൾ കേടുവന്ന് നശിക്കുന്നു. മരങ്ങളുടെ സംരക്ഷണം സമൂഹത്തിന്റെ കർത്തവ്യമാണെന്നു കണ്ട് മരങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ ഇളക്കിമാറ്റാൻ കർശന നടപടി സ്വീകരിക്കണം.

# കരനെല്ല് വിളയിച്ച് ഒമ്പതാം ക്ലാസുകാരി

**എകരൂൽ** ▸ പൂനൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഒമ്പതാംതരം വിദ്യാർഥിനി ആയിഷ സിയന്ന വീട്ടുവളപ്പിൽ വിളയിച്ച കരനെല്ല് കൊയ്തെടുത്തു. സാങ്കേതികതയുടെ കാലത്ത് ഈ കൊച്ചു കൃഷിക്കാരിയുടെ ഉദ്യമം ശ്രദ്ധേയവും വിജയകരവുമായതിൽ സ്കൂളധികൃതർക്കും സംതൃപ്തി. കഴിഞ്ഞവർഷം സ്കൂളിൽ നടത്തിയ 'മാതൃഭൂമി' സീഡ് ക്ലബ്ബ് പ്രവർത്തനങ്ങളാണ് ആയിഷയ്ക്ക് കൃഷിക്ക് പ്രചോദനമായത്. ഇയ്യാട് ചെറുവത്തുകണ്ടിയിൽ നൗഷാദിന്റെയും ജംഷീനയുടെയും മകളാണ് ഈ മിടുക്കി.

അധ്യാപകരായ സിറാജുദ്ദീൻ പന്നിക്കോട്ടൂർ, കെ. അബ്ദുൾ ലത്തീഫ് എന്നിവർ ആവശ്യമായ മാർഗനിർദേശങ്ങൾ നൽകി.



ആയിഷ സിയന്ന തന്റെ വീട്ടുവളപ്പിലെ കരനെല്ല് കൊയ്തെടുക്കുന്നു

# മട്ടുപ്പാവ് കൃഷിയിൽമികവ് തെളിയിച്ച് ചന്ദന

**നിവേദിത. കെ**
**ജി.എച്ച്.എസ്.എസ്. കുട്ടമത്ത്**

**ചെറുവത്തൂർ** ▸ മട്ടുപ്പാവ് കൃഷിയിൽ മികച്ച വിളവ് കൊയ്തു ജി. എച്ച് എസ് എസ് കുട്ടമത്തിലെ ആറാം ക്ലാസുകാരി കെ.ചന്ദന. ലോക് ഡൗൺ കാലത്ത് വിരസത അകറ്റാൻ കൃഷിയിലേക്ക് കാലെടുത്തു വച്ച ചന്ദനക്ക് നൂറുമേനി വിളവാണ്. വഴുതന, പച്ചമുളക്,പയർ, വെണ്ട ഇവയൊക്കെ കൃഷി ചെയ്യുന്നുണ്ട്. പൂർണമായും ജൈവ രീതിയിൽ കൃഷിചെയ്ത് വിജയം കൊയ്തിരിക്കുകയാണ് ഇവിടത്തെ കൃഷിയിൽ. സ്ഥല പരിമിതി അലട്ടുന്നതിനാൽ മട്ട്പ്പാവ് കൃഷി ഭൂമിയാക്കിയിരിക്കുകയാണ് ചന്ദന.



ചന്ദന മട്ടുപ്പാവ് കൃഷിതോട്ടത്തിൽ നിന്നും

സ്കൂൾ വിട്ടു വന്നാൽ നേരെ പച്ചക്കറി തോട്ടത്തിലേക്കാണ് ചന്ദനയുടെ യാത്ര. വളരെ സ്നേഹത്തോടെ പരിപാലിക്കുന്നതിനാലാവാം മുറം നിറയെ പച്ചക്കറിയാണ് ചന്ദനക്ക് ലഭിക്കുന്നത്. അതിലൊരംശം അയൽവാസികൾക്കും നൽകുന്നു. സ്കൂളിലെ സീഡ് ക്ലബിൽ എല്ലാ പ്രവർത്തനങ്ങളിലും സജീവമായ ചന്ദന ക്ക് മട്ടുപ്പാവ് കൃഷിക്ക് സഹായത്തിനു രക്ഷിതാക്കളും സഹോദരിയും കുടെയുണ്ട്. സാമൂഹിക പ്രവർത്തനങ്ങളും ഇഷ്ടപ്പെടുന്ന ചന്ദന ഈയിടെ ഹാൻഡ് വാഷ് നിർമ്മിച്ച് തൊഴിലുറപ്പ് തൊഴിലാളികൾക്ക് നല്ലി മാതൃക കാട്ടിയിരുന്നു. എനിക്കും അതിൽ പങ്കാളിയാകാൻ സാധിച്ചിരുന്നു. എന്നും വ്യത്യസ്തതയുടെ വഴി തേടുന്ന ചന്ദന പുതിയ പല പരിപാടികൾക്കും തുടക്കമിടാൻ ആഗ്രഹിക്കുന്നുണ്ട് . പാഴായ പ്ലാസ്റ്റിക്ക് പേനകൾ ശേഖരിച്ചും ബസ്സിലെ ടിക്കറ്റ് റോളർ മെഷീനിലെ ഒഴിഞ്ഞ റോളർ ശേഖരിച്ചും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചു കൊണ്ടിരിക്കുകയാണ് ചന്ദന.



മാതൃഭൂമി സീഡിന്റെ സംസ്ഥാനതല മൂന്നാം സ്ഥാനം വിശിഷ്ടഹരിതവിദ്യാലയ പുരസ്കാരം കാഞ്ഞിരപ്പള്ളി സെൻറ് മേരീസ് എച്ച്.എസ്. പ്രഥമാധ്യാപിക സിസ്റ്റർ ഡെയ്സ് മരിയ ഫെഡറൽ ബാങ്ക്(കാഞ്ഞിരപ്പള്ളി) അസിസ്റ്റൻറ് വൈസ് പ്രസിഡൻറ് ജോസ് ഫ്രാൻസിസ്, മാതൃഭൂമി കോട്ടയം യൂണിറ്റ് മാനേജർ ടി.സുരേഷ് എന്നിവരിൽ നിന്ന് ഏറ്റുവാങ്ങുന്നു



മാതൃഭൂമി സീഡ് 2020-21 വർഷത്തെ സംസ്ഥാനത്തെ മികച്ച സീഡ് വിദ്യാലയത്തിനുള്ള വിശിഷ്ട ഹരിത വിദ്യാലയം അവാർഡ് നേടിയ മങ്കര വെസ്റ്റ് യു പി സ്കൂളിന് കെ. ശാന്തകുമാരി എം.എൽ. എ പുരസ്കാരം കൈമാറുന്നു



വിശിഷ്ട ഹരിത വിദ്യാലയം രണ്ടാം സ്ഥാനം നേടിയ അഞ്ചരക്കണ്ടി ഹയർ സെക്കൻററി സ്കൂൾ സീഡ് അംഗങ്ങൾ പുരസ്കാരങ്ങളുമായി

മാതൃഭൂമി സീഡ്

2022
ജനുവരി 29
ശനിയാഴ്ച

ദേശീയ പത്രദിനത്തോട് അനുബന്ധിച്ച് മാതൃഭൂമി സീഡ് തയ്യാറാക്കിയ പ്രത്യേക സപ്ലിമെന്റ്

# ഒറ്റവരച്ചിത്രങ്ങളുമായി സീഡ് ഡിജിറ്റൽ മാഗസിൻ

**കൊച്ചി** ▸ മാതൃഭൂമി സീഡ് പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിൻ 'ആകാശപ്പച്ച'യുടെ മൂന്നാം ലക്കം പുറത്തിറങ്ങി.

വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രകൃതിസൗഹൃദ നിലപാടുകൾക്കുള്ള ഡിജിറ്റൽ ഇടമാണ് ഇത്. ചെറിയ രചനകൾ മാത്രമുള്ള മാഗസിനിൽ ഈ ലക്കം ഒരു വരയിൽ ആശയം വ്യക്തമാക്കുന്ന ചിത്രങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്.




മൊബൈൽ ഫോണിലും ടാബിലും ലാപ്ടോപ്പിലും സുഗമമായി വായിക്കാവുന്ന ഡിജിറ്റൽ മാഗസിൻ മാതൃഭൂമി സീഡിന്റെ വെബ് പേജിലും ഫെയ്സ്ബുക്ക് പേജിലും ലഭ്യമാണ്.

ആകാശപ്പച്ചയുടെ വരും ലക്കങ്ങളിലേക്കുള്ള രചനകൾ akashapacha@mpp.co.in എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കുകയോ, അതത് ജില്ലയിലെ സീഡ് കോ-ഓർഡിനേറ്റർമാരെ ഏല്പിക്കുകയോ ചെയ്യാം. ഇതോടൊപ്പമുള്ള ക്യൂ.ആർ. കോഡ് ഉപയോഗിച്ച് ആകാശപ്പച്ചയുടെ പുതിയ ലക്കം വായിക്കാം.

# പരിമിതികളില്ലാത്ത കലാലോകത്ത് ഫാത്തിമ

**ഇ.എസ്. ആദി ലക്ഷ്മി**

**തൃശ്ശൂർ** ▸ കോവിഡ് കാല വിരസതയെ കല കൊണ്ട് തോൽപ്പിക്കുകയാണ് ഭിന്നശേഷിയുള്ള ഫാത്തിമ. കഴിമ്പ്രം വി.പി.എം. എസ്.എൻ.ഡി.പി. എച്ച്.എസ്.എസിലെ പത്താം ക്ലാസുകാരിയായ കലാകാരി ഉപയോഗശൂന്യമായ തുണിത്തരങ്ങൾ കൊണ്ട് വർണ്ണച്ചവിട്ടികൾ നിർമിച്ചും വർണ്ണനൂലുകൾകൊണ്ട് ചിത്രങ്ങൾ തുന്നിയും വിരസത അകറ്റുകയാണ്. ഫാത്തിമ തുന്നുന്ന തലയണ കവറുകളും ടവ്വലുകളും ചവിട്ടികളും ഇന്ന് ഈ വീടിന്റെ അലങ്കാരമാണ്.



▶ ഫാത്തിമ ചവിട്ടി നിർമ്മാണത്തിനിടയിൽ

ലോക്ക്ഡൗൺ കാലത്ത് വിദ്യാലയത്തിൽ എത്താൻ കഴിയാത്തതിന്റെ വിഷമം ഇല്ലാതാക്കാനാണ് ഫാത്തിമ ചിത്രതുന്നലിലേയ്ക്കും ചവിട്ടി നിർമാണത്തിലേയ്ക്കും ശ്രദ്ധ കേന്ദ്രീകരിച്ചത്. നിമിഷനേരംകൊണ്ട് അതിശയങ്ങളാണ് ഫാത്തിമയുടെ കരവിരുതിൽ വിരിയുന്നത്. പാഴായി പോകുമായിരുന്ന വസ്ത്രങ്ങളെ പുനരുപയോഗത്തിന് പര്യാപ്തമാക്കുകയാണ് ഈ കലാകാരി.

കയ്പമംഗലം ചളിങ്ങാട് കറപ്പംവീട്ടിൽ ഹിലർ മുഹമ്മദിന്റെയും സുഹറയുടെയും മകളായ ഫാത്തിമ കഴിമ്പ്രം വിദ്യാലയത്തിലെ സീഡ് കുടുംബാംഗമാണ്. തന്റെ ആറാമത്തെ വയസ്സിൽ പിതാവ് അപകടത്തിൽ മരിച്ചതോടെ ജീവിതമാർഗ്ഗം തേടി ഉമ്മയ്ക്ക് കോയമ്പത്തൂരിൽ വീട്ടുജോലിയ്ക്ക് പോകേണ്ടി വന്നു. പ്രായമുള്ള വലിയുമ്മ ഐഷാബിയുടെ സംരക്ഷണത്തിലാണ് ഫാത്തിമ കഴിയുന്നത്. സ്കൂൾ സ്മാർട്ട് ഫോൺ ലൈബ്രറിയിൽ നിന്നും ലഭിച്ച സ്മാർട്ട്ഫോണിൽ സീഡ് ക്ലബ്ബ് നൽകുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു.

ചിത്രങ്ങൾ ഗ്രൂപ്പുകളിലും സ്കൂൾ ഗ്രൂപ്പുകളിലും പങ്കുവെച്ച്ു മറ്റു വിദ്യാർഥികൾക്ക് പ്രചോദനം ആവുകയാണ് കോവിഡ് കാലത്ത് ഈ പത്താം ക്ലാസുകാരി. ഫാത്തിമയുടെ ക്ലാസ് അധ്യാപികയും സീഡ് ക്ലബ്ബ് കോ-ഓർഡിനേറ്ററുമായ സിന്ധു ടീച്ചർ ആണ് ഫാത്തിമയുടെ കരവിരുത് ക്ലബ് അംഗങ്ങൾക്കും സ്കൂളിലും പരിചയപ്പെടുത്തിയത്. അങ്ങനെ ഫാത്തിമയെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചു നടത്തിയത്.

ആരെയും മാറ്റി നിർത്തരുതെന്നും നമ്മളിൽ ഒരാളായി കൂടെ ചേർത്ത് നിർത്തേണ്ടവരും മാതൃകയാകേണ്ടവരുമാണെന്ന് കഴിമ്പ്രം വിദ്യാലയവും സീഡ് ക്ലബ്ബംഗങ്ങളും ഫാത്തിമയെ ചേർത്തുപിടിച്ചുകൊണ്ട് ഓർമിപ്പിക്കുന്നു.

# പച്ചയിലൂടെ ജീവിതം പച്ച പിടിക്കാൻ....

**അനന്യ. പി**
**മാവിലായി യു പി സ്കൂൾ**

**കീഴത്തൂർ** ▸ കോവിഡ് സകല മനുഷ്യരെയും പ്രതിസന്ധിയിലാക്കിയപ്പോൾ ഏറ്റവും വിഷമം നേരിട്ടത് തൊഴിൽ നഷ്ടപ്പെട്ടവരുടെ മക്കളാണ്. അറിയപ്പെടുന്ന നാടക പ്രവർത്തകനും ഓട്ടോ ഡ്രൈവറുമായ രാജേഷ് കീഴത്തൂരിന്റെ ജീവിതത്തിലും കോവിഡ് ഉണ്ടാക്കിയ പ്രതിസന്ധിയിൽ താങ്ങായത് മകളായ നന്മയുടെ അലങ്കാര പ്രാവ് വളർത്തലായിരുന്നു. നന്മ ഒരു വിനോദത്തിന് തുടങ്ങിയ അലങ്കാര പ്രാവ് വളർത്തൽ ഇന്ന് "പച്ച നഴ്സറി ഗാർഡനിൽ" എത്തി നിൽക്കുന്നു.വിവിധയിനം പച്ചക്കറി തൈകൾ, അലങ്കാരചെടികൾ തുടങ്ങിയവ ഈ നഴ്സറിയിൽ ലഭ്യമാണ്.



▶ രാജേഷ് കീഴത്തൂർ പച്ച നഴ്സറി ഗാർഡനിൽ

# ദേവപ്രയാഗിന് കൂട്ടായുണ്ട് മീനുകൾ

**എകരൂൽ** ▸ പൂനൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഒമ്പതാംക്ലാസ് വിദ്യാർഥി ദേവപ്രയാഗ് വീട്ടുവളപ്പിൽ മത്സ്യം വളർത്തൽ ഹരമാക്കിയിരിക്കുകയാണ്. ലോക്ഡൗൺ കാലത്ത് നിത്യേന രണ്ടുമണിക്കൂർ പണിയെടുത്താണ് രണ്ടുമീറ്റർ ആഴവും രണ്ടരമീറ്റർ വീതം നീളവും വീതിയുമുള്ള കുളംനിർമിച്ചത്. പോളിത്തീൻ ഷീറ്റ് ഉപയോഗിച്ച് കുളത്തിൽ വെള്ളം വറ്റാതിരിക്കാനുള്ള സംവിധാനവും ഒരുക്കി. മറ്റൊരു ചെറിയ കുളവും ഇതോടനുബന്ധിച്ച് തയ്യാറാക്കി.



▶ ദേവപ്രയാഗ് മത്സ്യകുഞ്ഞുങ്ങളുമായി

നട്ടർ, വാള, തിലാപ്പി, അനാബസ് മത്സ്യക്കുഞ്ഞുങ്ങളെയാണ് വളർത്തുന്നത്. വാള, അനാബസ് എന്നിവയെ കിഴക്കോത്ത് ഗ്രാമപ്പഞ്ചായത്ത് നൽകിയതാണ്. ചെമ്മീൻ തീറ്റയാണ് പ്രധാനമായി കൊടുക്കുന്നത്.

സ്കൂളിലെ 'മാതൃഭൂമി' സീഡ് പരിസ്ഥിതി ക്ലബ്ബ് അംഗവും സ്കൗട്ട് അംഗവുമാണ് ദേവപ്രയാഗ്. പൂനൂർ ചോയിമഠത്തിൽ വെള്ളിലാട്ടുപൊയിൽ ജയപ്രകാശിന്റെയും അജിനിയുടെയും മകനാണ്. കോഴി, പശു വളർത്തലും പച്ചക്കറിക്കൃഷിയും ദേവപ്രയാഗ് ചെയ്യുന്നുണ്ട്. സ്കൂളിലെ സീഡ് ക്ലബ്ബ് കോ-ഓർഡിനേറ്ററായ പി.ടി. സിറാജുദ്ദീൻ, അധ്യാപകരായ കെ. സാദിഖ്, കെ. അബ്ദുൾ ലത്തീഫ്, എ.പി. ജാഫർ സാദിഖ് എന്നിവർ വീട്ടിലെത്തി വേണ്ട മാർഗനിർദേശങ്ങൾ നൽകി.



▶ ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് മാതൃഭൂമി സീഡ് സംഘടിപ്പിച്ച ഓൺലൈൻ പാചകമത്സരത്തിൽ യു.പി. വിഭാഗം ഒന്നാം സ്ഥാനം നേടിയ ദിൽഷ പി.എസ്. (ഐ.ഇ.എസ്. പബ്ലിക് സ്കൂൾ, ചിറ്റിലപ്പിള്ളി, തൃശ്ശൂർ)



▶ ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് മാതൃഭൂമി സീഡ് സംഘടിപ്പിച്ച ഓൺലൈൻ പാചകമത്സരത്തിൽ യു.പി. വിഭാഗം രണ്ടാം സ്ഥാനം നേടിയ പവിത്ര എസ്. നാഥ് (ജി.എച്ച്.എസ്. മണ്ണഞ്ചേരി, ആലപ്പുഴ)



▶ ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് മാതൃഭൂമി സീഡ് സംഘടിപ്പിച്ച ഓൺലൈൻ പാചകമത്സരത്തിൽ യു.പി. വിഭാഗം മൂന്നാംസ്ഥാനം നേടിയ ഫാത്തിമ ഹെന്ന (ഇസ്ലാഹിയ പബ്ലിക് സ്കൂൾ, കോട്ടക്കൽ, മലപ്പുറം)



▶ ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് മാതൃഭൂമി സീഡ് സംഘടിപ്പിച്ച ഓൺലൈൻ പാചകമത്സരത്തിൽ ഹൈസ്കൂൾ/ഹയർ സെക്കൻഡറി വിഭാഗം ഒന്നാംസ്ഥാനം നേടിയ ബി. അഭിഷേക് (ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി, കാസർകോട്)





▶ ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് മാതൃഭൂമി സീഡ് സംഘടിപ്പിച്ച ഓൺലൈൻ പാചകമത്സരത്തിൽ ഹൈസ്കൂൾ/ഹയർ സെക്കൻഡറി വിഭാഗം രണ്ടാം സ്ഥാനം നേടിയ ഇ.എസ്. ആദിലക്ഷ്മി (വി.പി.എം. എസ്.എൻ.ഡി.പി.എച്ച്.എസ്. സ്കൂൾ, കഴിമ്പ്രം, തൃശ്ശൂർ)



▶ ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് മാതൃഭൂമി സീഡ് സംഘടിപ്പിച്ച ഓൺലൈൻ പാചകമത്സരത്തിൽ ഹൈസ്കൂൾ/ഹയർ സെക്കൻഡറി വിഭാഗം മൂന്നാംസ്ഥാനം നേടിയ എൻ.ആർ. ജഹനാര (നാഷണൽ ഹയർ സെക്കൻഡറി സ്കൂൾ വട്ടോളി, കോഴിക്കോട്)




▶ പുതു നാമ്പുകൾ.....പുതിയ പ്രതീക്ഷകൾ



▶ സൂര്യകിരീടം താഴും മുൻപ്

ഫോട്ടോ: പി.എ.അതുൽ കൃഷ്ണ (ജവഹർ നവോദയ വിദ്യാലയം, മായന്നൂർ, തൃശ്ശൂർ)




# കോവിഡ് കാലത്തെ പഠനം

**കെ. എഫ്. ഫിധ ഫറൂഖ്**
**വി.പി.എം.എസ്.എൻ. ഡി.പി. എച്ച്.എസ് എസ് കഴിമ്പ്രം**

**തൃശ്ശൂർ** ▸ കോവിഡ് മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും വലിയ വ്യതിചലനം ഉണ്ടാക്കികൊണ്ടിരിക്കുകയാണ്.അതിൽ വൻതോതിൽ മാറ്റം വന്ന മേഖലയാണ് വിദ്യാഭ്യാസം. സ്കൂളിൽ പോയി കളിച്ചും രസിച്ചും തല്ലുകൂടിയും കളിയാക്കിയും കഴിഞ്ഞ കാലം... ഇന്ന് ഡിജിറ്റൽ രംഗത്തേക്ക് വഴി മാറി.

സ്വപ്നത്തിൽപോലും ചിന്തിക്കാത്ത നിലയിലേയ്ക്കാണ് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം എത്തിനിൽക്കുന്നത്. ഏതൊരാളുടെ ജീവിതത്തിലും ഗൃഹാതുരമായ ഓർമ്മകൾ നൽകിയ കാലഘട്ടമാണ് സ്കൂൾ കാലഘട്ടം. ജീവിതത്തിൽ എന്നെന്നും ഓർത്തിരിക്കുന്ന കാലം.

മാതാ പിതാ ഗുരു ദൈവം എന്ന ആദർശമാണ് നാം പിന്തുടരുന്നത്. മാതാപിതാക്കൾ കഴിഞ്ഞാൽ ജീവിതത്തിൽ നല്ല പാഠങ്ങൾ പകർന്നു നൽകുന്നതിൽ അധ്യാപകർക്കുള്ള സ്ഥാനം ചെറുതല്ല. ജീവിതത്തിൽ പല പാഠങ്ങൾ പകർന്നുനൽകാൻ വീടിനേക്കാൾ വിദ്യാലയത്തിന് കഴിയും. വിദ്യാഭ്യാസ കാലഘട്ടത്തിൽ നമ്മൾ കൂടുതൽ സമയം ചെലവഴിക്കുന്നത് വിദ്യാലയത്തിലാണ്. ജീവിതത്തിൽ ഏറ്റവും മനോഹരമായ കാലഘട്ടം. എന്നാൽ ഇന്ന് സ്കൂൾ പഠനം ഓർമ്മകൾ മാത്രമായി.

കൊറോണ വന്നതോടെ ഇൻറർനെറ്റിന്റെ വേഗതയും മൊബൈൽഫോണിന്റെ ചാർജും ആയി വിദ്യാഭ്യാസത്തിന്റെ അടിത്തറ. ഇവ രണ്ടും ഇല്ലെങ്കിൽ പഠനം മുന്നോട്ടു കൊണ്ടുപോവാനാവാത്ത സ്ഥിതിയായി.വിദ്യാഭ്യാസത്തിന്റെ തനതായ മൂല്യവും അടിത്തറയുമാണ് ഇതിലൂടെ ഇല്ലാതാവുകയാണ്. കുട്ടികളുടെ വിദ്യാഭ്യാസം അർത്ഥശൂന്യമാവുകയാണ്. അധ്യാപകർക്ക് ആയാലും രക്ഷിതാക്കൾക്ക് ആയാലും ഇന്നത്തെ വിദ്യാഭ്യാസരീതികൾ അവരുടെ ചിന്തകൾക്കും അപ്പുറമാണ്.

കുട്ടികളും അധ്യാപകരും തമ്മിലുള്ള ബന്ധം കുറഞ്ഞു വരികയാണ്. ക്ലാസ് മുറികളിൽ നേരിൽ കണ്ടും പഠിപ്പിച്ചുമുള്ള ബന്ധം തന്നെയാണ് വിദ്യാഭ്യാസത്തിന്റെ അടിത്തറ. അത് ഇല്ലാതാകുമ്പോൾ അടിത്തറ ഇല്ലാതാവുന്നു. പഠിപ്പിക്കുന്നത് എത്രത്തോളം വിദ്യാർഥികൾക്ക് മനസ്സിലാവുന്നു എന്ന് അറിയാത്തതിൽ നിസ്സഹായരാണ്അധ്യാപകർ.

ഇപ്രാവശ്യത്തെ എസ്.എസ്.എൽ.സി. ഫലം നോക്കിയാൽ വിദ്യാഭ്യാസ സമ്പ്രദായത്തിലെ അധഃപതനം വ്യക്തമാണ്. ഫുൾ എ പ്ലസ് കിട്ടിയ കുട്ടിയോടും പാഠഭാഗം ചോദിച്ചാൽ കൈമലർത്തുന്ന അവസ്ഥയാണിന്ന്. ആരെയും കുറ്റം പറഞ്ഞിട്ട് കാര്യവുമില്ല. എല്ലാവരും അവരാൽ കഴിയുന്നവിധം പരിശ്രമിക്കുന്നുണ്ട്.

അധ്യാപകരുടെ ഭാഗത്തുനിന്നായാലും കുട്ടികളുടെ ഭാഗത്തുനിന്നായാലും നല്ല സഹകരണം ഉണ്ട്. പക്ഷേ അത് എത്രത്തോളം ഫലവത്താവുന്നുവെന്നത് ഒരു ചോദ്യചിഹ്നമാണ്. ഡിജിറ്റൽ പഠനരീതി വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ പരിവർത്തനം ഉണ്ടാക്കിയെന്ന് സംശയമില്ലാതെ പറയാം. 'നാടോടുമ്പോൾ നടുവേ ഓടണം' എന്നാണല്ലോ അതുപോലെ നമുക്കും ഓടാം... മാറുമെന്ന് പ്രതീക്ഷിക്കാം.... എത്രയും വേഗം നമ്മുടെ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചു പോകാനാവുമെന്ന് പ്രതീക്ഷിക്കാം... പ്രാർത്ഥിക്കാം.

മാതൃഭൂമി യഥാർത്ഥ പത്രത്തിന്റെ ശക്തി
FEDERAL BANK YOUR PERFECT BANKING PARTNER

**ദേശീയ പത്രദിനത്തോട് അനുബന്ധിച്ച് മാതൃഭൂമി സീഡ് തയ്യാറാക്കിയ പ്രത്യേക സപ്ലിമെന്റ്**

# മാതൃഭൂമി 'ആർബവറേറ്റം'

## 1500-ലധികം ഇനം സസ്യങ്ങൾ ആർബറേറ്റത്തിൽ സംരക്ഷിച്ചു പ്രദർശിപ്പിച്ചിരിക്കുന്നു.

എറണാകുളം ജില്ലാഭരണകൂടത്തിൻെറയും മാതൃഭൂമിയുടെയും പങ്കാളിത്തത്തോടെയുള്ള ഒരു സവിശേഷ പദ്ധതിയാണിത്. ഈ മാതൃക തോട്ടത്തിൽ അപൂർവവും, വംശനാശഭീഷണി നേരിടുന്നതുമായ സസ്യജാലങ്ങളുടെ സംരക്ഷണം അതിൻെറ ആറാംവർഷത്തിലാണ്. ഏതാനും വർഷങ്ങൾക്കു മുമ്പ് മഴവിൽ റസ്റ്റോറൻറ് എന്നൊരു ഭക്ഷണശാലയാണിവിടെ ഉണ്ടായിരുന്നത്. നദിയുടെ ഒഴുക്കിലേക്കും കുളിരിലേക്കും പച്ചപ്പിലേക്കും കടന്നു കയറി, ജനങ്ങളുടെ മൗലികാവകാശത്തെ തടസപ്പെടുത്തി നിന്ന റസ്റ്റോറൻറ്, നിയമത്തെ വെല്ലുവിളിച്ച് നിലകൊണ്ട ഈ കെട്ടിടം പൊളിച്ചു കളയാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവായി. ആ ഉത്തരവ് ജില്ലാഭരണകൂടം ഒട്ടും വൈകാതെ തന്നെ നടപ്പാക്കി. പിന്നീട് ഈ പ്രദേശം സാമൂഹികവിരുദ്ധർ താവളമാക്കാൻ തുടങ്ങി.

ശാന്തിയുടെയും സംസ്കാരത്തിൻെറയും, കളിതൊട്ടിലാകേണ്ട നദീതീരം നാശത്തിലേക്ക് നീങ്ങുന്നത് കണ്ട് 'മാതൃഭൂമി' ഇടപെടുകയും ജില്ലാഭരണകൂടത്തെ സമീപിക്കുകയും ചെയ്തു. അങ്ങനെ നദീതീരം സംരക്ഷിക്കാനുള്ള അനുമതി ലഭിക്കുകയും 'ആർബറേറ്റം' എന്ന ഉദ്യാനം ഇവിടെ നാമ്പിടുകയും ചെയ്തു. ഈ മാതൃക തോട്ടത്തിൽ സാധാരണവും, അപൂർവവും, വംശനാശഭീഷണി നേരിടുന്നതുമായ കായ്കൾ, പുഷ്പങ്ങൾ, വിഷവാതകം വലിച്ചെടുക്കുന്ന ആകർഷകമായ സസ്യങ്ങൾ അപൂർവയിനം മരങ്ങളും ചെടികളും തുടങ്ങിയവ ഇവിടെ സംരക്ഷിക്കുന്നു.

2015 ജൂൺ 4-ന് കേരള ഹൈക്കോടതി ജഡ്ജി തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ആർബറേറ്റം' പദ്ധതി പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തു. പരിസ്ഥിതി സംരക്ഷണത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഇത്തരമൊരു പദ്ധതി ആദ്യമാണ്.

മാതൃഭൂമി ആർബറേറ്റത്തിനോട് ചേർന്നുള്ള 'ബാത്തിങ് ഘട്ട്' ഫെഡറൽ ബാങ്കിൻെറ സഹകരണത്തോടെ നവീകരിച്ച് നക്ഷത്രവനം, രാശിവനം, നവഗ്രഹ വനം, താമരക്കുളം, വള്ളിക്കുടിൽ തുടങ്ങിയവ സ്ഥാപിച്ചു.








ആർബറേറ്റം സന്ദർശിക്കുന്നവർക്ക് വിശ്രമിക്കാനായി ഒരുക്കിയ സ്ഥലം

### രണ്ടാംഘട്ടത്തിൽ

55 സെൻറിൽ 240 ഫലവർഗതൈകളാണ് നട്ടത്. സബ്കളക്ടർ സുഹാസ് ഉദ്ഘാടനം നിർവഹിച്ചു. അപൂർവമായ വൃക്ഷങ്ങളും ഔഷധച്ചെടികളും തഴച്ചുവളർന്നു.അങ്ങനെ പച്ചപ്പിൻെറ പുതിയൊരു പരിസ്ഥിതി സംസ്കാരം പെരിയാറിൻെറ തീരത്ത് ഉദയം കൊണ്ടു. പൂമ്പാറ്റകളും പക്ഷികളും പറന്നെത്തി. നദീതീരത്ത് പ്രകൃതിയുടെ സൗമ്യസംഗീതം മുഴങ്ങാൻ തുടങ്ങി കേന്ദ്രമന്ത്രിമാർ, യു. എൻ പ്രതിനിധികൾ,സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങി നിരവധി പേർ ആർബറേറ്റം സന്ദർശിച്ചു.

ഹരിതാഭയാർന്ന ഈ ഉദ്യമത്തെ എല്ലാവരും അഭിനന്ദിച്ചു.ഒപ്പം കുട്ടികളിൽ പരിസ്ഥിതി സംരക്ഷണത്തിൻെറ മഹത്തായ സന്ദേശം പകർന്നു നല്കാനും ആർബറേറ്റംത്തിനു കഴിഞ്ഞു. അങ്ങനെ കേരളത്തിന് മുഴുവൻ മാതൃകയായ ഉദ്യാനമായി ഇവിടം മാറി .

2017ൽ വിനോദസഞ്ചാര രംഗത്തെ മികച്ച ഇന്നൊവേറ്റീവ് പ്രോജക്റ്റിനുള്ള പുരസ്കാരം സംസ്ഥാന സർക്കാരിൽ നിന്ന് ലഭിച്ചു. കേരളത്തിന് മാതൃകയായ ഉദ്യാനമായിരുന്നു ആർബറേറ്റം.

### പ്രളയശേഷം

2018 ആഗസ്റ്റ് 15ലെ പ്രളയം ആർബറേറ്റത്തെയും പിഴുതെറിഞ്ഞു. കരകവിഞ്ഞ പെരിയാർ ഇതിനുള്ളിലൂടെ ശക്തിയായി ഒഴുകി. ആഗസ്റ്റ് 21 വരെ ഇവിടംപൂർണമായും വെള്ളത്തിൽ മുങ്ങിക്കിടന്നു. വെള്ളപ്പൊക്കത്തിൽ വിലപിടിച്ച 555 സസ്യങ്ങൾ നഷ്ടമായി.

ചട്ടിയിൽ വളർന്ന 280ഔഷധച്ചെടികളും നശിച്ചു. രണ്ടു ഘട്ടങ്ങളിലായാണ്സസ്യങ്ങൾ നശിച്ചത്. ആദ്യഘട്ടത്തിൽ 140 എണ്ണം. രണ്ടാംഘട്ടത്തിൽ 135എണ്ണം. അറുപതോളം വള്ളിച്ചെടികൾ കൊണ്ട് നിർമിച്ച വള്ളിക്കുടിലും നാമാവശേഷമായി.



മാതൃഭൂമി ആർബറേറ്റം 2018 ലെ പ്രളയ സമയത്ത്

### നവീകരണം ഇത് വരെ

സെപ്റ്റംബറിൽ തന്നെ നശിച്ചുപോയ ചെടികൾ വീണ്ടും നട്ടുപിടിപ്പിച്ചു തുടങ്ങി. പ്രളയത്തിന് മുമ്പ് ഉണ്ടായിരുന്ന അത്രയും ചെടികൾ തന്നെ വീണ്ടും നട്ടുവളർത്താനാണ് ശ്രമം. അതിർത്തി വേലികളും പുനർനിർമിച്ചുകഴിഞ്ഞു . നഷ്ടമായതെല്ലാം മുമ്പത്തേക്കാൾ ഭംഗിയായി , ഊർജസ്വലതയോടെ നമുക്ക് തിരിച്ചു പിടിക്കാം. പ്രകൃതിയെ മുറിപ്പെടുത്താതെ പ്രകൃതി യോടൊപ്പം നിന്ന് നമുക്ക് അതിജീവിക്കാം.




# മാതൃഭൂമിയുടെ കണ്ടൽക്കാട്



മാതൃഭൂമിയുടെ കണ്ടൽക്കാട് ഉദ്ഘാടനവേളയിൽ മാതൃഭൂമി മുൻ എം. ഡി. എം. പി വീരേന്ദ്രകുമാർ "കണ്ടൽ കാക്കാൻ കുട്ടി കൂട്ടം" ലോഗോ പ്രകാശനം ചെയ്യുന്നു.



കണ്ടൽക്കാട് ഒരു ആകാശദൃശ്യം

ഭൂമിയിലെ ഏറ്റവും ജൈവസമ്പന്നമായ ആവാസവ്യവസ്ഥകളിൽ പ്രധാനപ്പെട്ടവയാണ് കണ്ടൽക്കാടുകൾ. പുഴയും കടലും ചേരുന്നയിടങ്ങളിലെ ഉപ്പു കലർന്ന വെള്ളത്തിൽ വളരുന്ന കണ്ടൽ ചെടികൾ കടലാക്രമണങ്ങളെയും മണ്ണൊലിപ്പിനെയും തടയുന്നു. സുനാമിയെ നേരിടാനും കണ്ടൽ മരങ്ങൾ പ്രാപ്തരാണ് . ഉഷ്ണമേഖലാ കാടുകൾ ആഗിരണം ചെയ്യുന്ന കാർബണിനെക്കാൾ അമ്പതിരട്ടി കാർബൺ വലിച്ചെടുക്കാനുള്ള കഴിവ് കണ്ടൽക്കാടുകൾക്കുണ്ട്.

പക്ഷെ ഇവ വലിയതോതിൽ നാശത്തെ നേരിടുകയാണ് .ജലാശയങ്ങൾ നികത്തപെടുകയും കണ്ടൽ കാടുകൾ നശിപ്പിക്കപെടുകയും ചെയ്യുമ്പോൾ നാളെ നമ്മുടെ തലമുറയ്ക്ക് കണ്ടൽ കാണാനും, പഠിക്കാനും വേണ്ടി മാതൃഭൂമി ഒന്നേകാൽ ഏക്കർ കണ്ടൽക്കാട് വാങ്ങി സംരക്ഷിക്കുന്നുണ്ട് . ചെറുകുന്ന് വെൽഫേർ ഹയർ സെക്കൻററി സ്കൂൾ സീഡംഗങ്ങൾ സംരക്ഷിച്ചുപോന്നിരുന്ന കണ്ടൽ കാടുകൾ നശിപ്പിക്കപ്പെട്ടപ്പോളാണ് മാതൃഭൂമി ഈ ഉദ്യമത്തിന് പങ്കുചേർന്നത് . വരും കാലങ്ങളിൽ മികച്ച കണ്ടൽ പഠന കേന്ദ്രമാക്കി മാറ്റാനുള്ള ശ്രമങ്ങൾ മാതൃഭൂമി സീഡ് നടത്തി വരുന്നു.




കണ്ടൽക്കാടിൻെറ പ്രവേശനകവാടത്തിൽ സ്ഥാപിച്ച ബോർഡ്




മാതൃഭൂമി സീഡും മങ്ങാട്ട് പുരുഷോത്തമൻ ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിച്ച സീഡ് ഓൺലൈൻ ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ തൃത്താല ഡോ. കെ ബി മേനോൻ മെമ്മോറിയൽ എച്ച് എസ് എസിലെ എം.പി സഫനസ്സ് മാതൃഭൂമി പാലക്കാട് യൂണിറ്റ് മാനേജർ എസ് അമൽരാജ് പ്രശസ്തിപത്രവും കാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നു

മാതൃഭൂമി സീഡ് പതിമൂന്നാം വർഷത്തെ പദ്ധതിക്ക് തുടക്കം കുറിച്ചത് സീഡ് വിദ്യാർഥികൾ വരച്ച ചിത്രങ്ങളുടെ ഓൺലൈൻ പ്രദർശനത്തോടെയായിരുന്നു കാണുവാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

മാതൃഭൂമി സീഡ് ഒഫീഷ്യൽ പേജ് കാണുവാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക




സീഡ് റിപ്പോർട്ടർമാർ ടൂറിസം, പൊതുമരാമത്ത് മന്ത്രി പി. എ മുഹമ്മദ് റിയാസുമായി നടത്തിയ അഭിമുഖം കാണുവാൻ ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

## സീഡിന് ലഭിച്ച അവാർഡുകളും അംഗീകാരങ്ങളും

- CSR TIMES AWARD 2021 – വിദ്യാഭ്യാസ വിഭാഗത്തിൽ (വെള്ളി)
- ഏറ്റവും ഉത്തരവാദിത്തമുള്ള CSR എക്സിക്യൂട്ടീവ് നോളജ് ലൈൻസ് അവാർഡ്
- കുട്ടികളിൽ കാർഷിക സമ്പ്രദായം ജനകീയമാക്കിയതിന് കേരള കൃഷി വകുപ്പിന്റെ പ്രത്യേക അവാർഡ് സീഡിന് ലഭിച്ചു.
- CSR TIMES AWARD 2020-ഗ്രീൻ & എൻവയോൺമെന്റ് സ്റ്റെവാർഡ്ഷിപ്പ് (വെള്ളി)
- IAA കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ അവാർഡ് 2019 - ഗോൾഡ് അവാർഡ്.
- രാജീവ് ഗാന്ധി ജന്മ സപ്തതി പുരസ്കാരം 2019
- കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ - IAA യുടെ ഗോൾഡ് അവാർഡ് 2017
- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റിന്റെ (NIPM, Kerala) 2019, 2016 ലെ മികച്ച കോർപ്പറേറ്റ് സിറ്റിസൺ അവാർഡ്
- WAN-IFRA - 'Free the Tree കാമ്പെയ്നിന്' 2014 ലെ YOUNG READER PRIZE
- കോർപ്പറേറ്റ് സോഷ്യൽ ക്രൂസേഡർ ഓഫ് ദ ഇയർ -IAA യുടെ ഗോൾഡ് അവാർഡ് 2014
- IAA ഒലിവ് ക്രൗൺ അവാർഡുകൾ 2013
- സിൽവർ അവാർഡ് വിഭാഗം: 'ഡോക്യുമെന്ററി & ഷോർട്ട് ഫിലിം'.
- IAA ഒലിവ് ക്രൗൺ അവാർഡുകൾ 2012
- പ്രത്യേക ഗ്രീൻ ഇനിഷ്യേറ്റീവ് അവാർഡ്
- ഇവന്റ്സ് വിഭാഗത്തിൽ ഗോൾഡ് അവാർഡ്
- ഗ്രീൻ ബ്രാൻഡ് ഓഫ് ദി ഇയർ വിഭാഗത്തിൽ രജത പുരസ്കാരം.
- WAN- IFRA YOUNG READER PRIZE 2011- പ്രത്യേക ജൂറി അവാർഡ്.
- 2010-ലെ അഫാക്സ് വെങ്കല പുരസ്കാരം.
- കേരള വനംവകുപ്പ് ഏർപ്പെടുത്തിയ വനമിത്ര പുരസ്കാരം.
- പ്രമുഖ അധ്യാപകനും കർഷകനുമായ എൻ.പി.ഉണ്ണിപ്പിള്ളയുടെ പേരിൽ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പരിസ്ഥിതി അവാർഡ്.

എങ്ങനെ സീഡ് റിപ്പോർട്ടർ ആകാം?? കൂടുതൽ വിവരങ്ങൾ ക്ക് ഈ ക്യു ആർ കോഡ് സ്കാൻ ചെയ്യുക



## അടുത്തറിഞ്ഞു മരങ്ങളെ പഠിക്കാൻ മാതൃഭൂമി സീഡ് സീസൺ വാച്ച്

കാലാവസ്ഥ മാറ്റത്തിനനുസരിച്ചു മരങ്ങളിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് പഠനം നടത്തുന്ന സിറ്റിസൺ സയൻസ് പ്രൊജക്ട് ആണ് സീസൺ വാച്ച്. സീഡിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും സീസൺ വാച്ച് പദ്ധതി യുടെ ഭാഗമാകാം. നാഷണൽ സെൻറർ ഫോർ ബയോളോജിക്കൽ സയൻസസ് ദേശീയതലത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഏറ്റവും കൂടുതൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നത് കേരളത്തിൽ നിന്നാണ് .. അതിനുള്ള കാരണം കേരളത്തിലെ സീഡ് പ്രവർത്തകർ ഈ പദ്ധതിയിൽ പങ്കെടുക്കുന്നു എന്നുള്ളതാണ്.

## ഞങ്ങളുടെ മാർഗദർശിക്ക് പ്രണാമം



**പ്രൊഫ. എസ്.സീതാരാമൻ**

പ്രമുഖ പരിസ്ഥിതി പ്രവർത്തകനും, സീഡിന്റെ വഴികാട്ടിയും.

This special supplement is prepared & published by SEED TEAM